## അനുബന്ധം
## കലാകാരപെൻഷൻ അനുവദിക്കുന്നതിനുള്ള പരിഷ്കരിച്ച ചട്ടങ്ങൾ

1 ഈ ചട്ടങ്ങൾ സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരർക്കും കലാകാരർക്കും പ്രതിമാസം ധനസഹായം നൽകുന്ന കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതിയുടെ ചട്ടങ്ങൾ എന്നറിയപ്പെടുന്നു.

2 ഓരോ ആൾക്കും പ്രതിമാസം 1,600/- രൂപ (ആയിരത്തി അറുനൂറ് രൂപ മാത്രം) നിരക്കിൽ ധനസഹായം നൽകുന്നതാണ്.

3 ഈ ചട്ടങ്ങൾ പ്രകാരം സാഹിത്യകാരർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, ബാന്റ് വാദ്യം, നാടൻകലകൾ, മേള പ്രമാണിമാർ എന്നിങ്ങനെയുള്ള കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

കേരളീയ ക്ഷേത്രകലകൾ : (എ) വാദ്യകലകൾ : മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കുറുങ്കുഴൽ, നാദസ്വരം, കുഴിത്താളം, ചേങ്ങില, മിഴാവ്, ഇടയ്ക്ക, തകിൽ, കൊമ്പ്.

(ബി) ക്ലാസിക് കലകൾ : പാഠകം, കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പ് നൃത്തം, തോറ്റംപാട്ട്, സോപാന സംഗീതം.

(സി) ക്ഷേത്രശില്പകല : തടി. കരിങ്കല്ല് മുതലായവയിലെ കൊത്തുപണികൾ (കാർവിംഗ്) തുടങ്ങിയവ

(ഡി) ചിത്രകല : ഭിത്തി ചിത്രങ്ങൾ (മ്യൂറലുകൾ) കളമെഴുത്ത്, തെയ്യം, തിറ മുതലായ കലകളുടെ മുഖമെഴുത്ത്, അലങ്കാരങ്ങൾ മുതലായ ചിത്രപ്പണികൾ.

നാടൻ കലാരൂപങ്ങൾ : തെയ്യം, തിറ, പടയണി, മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, കാക്കാരിശ്ശി നാടകം, കണ്യാർകളി, പരിചമുട്ടുകളി. കോൽക്കളി, പൂതനും തിറയും, തിരിയുടിച്ചിൽ, ആലാമിക്കളി, ചിമ്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, കെന്ത്രോൻപാട്ട്, കോതാമ്മൂരി, അർജ്ജുന നൃത്തം, കുത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻപാട്ട്, ഭഗവതിപ്പാട്ട്, ഒപ്പന, ദഫ്മുട്ട്, അറബനമുട്ട്, മുട്ടും വിളിയും, മാർഗം കളി.

ആദിവാസി കലകൾ : പലതരം ആദിവാസി നൃത്തങ്ങൾ, വാദ്യം, സംഗീതം, വാമൊഴി രൂപങ്ങൾ, ഗദ്ദിക, പൂജഗദ്ദിക, വട്ടക്കളി, തുടി, മാരി നീക്കൽ, കംബകളി എന്നീ ഗോത്രകലകൾ.

4 സിനിമയുമായി ബന്ധപ്പെട്ട കലാകാരർക്ക് ഈ പദ്ധതി പ്രകാരം കലാകാര പെൻഷന് അപേക്ഷിക്കാവുന്നതല്ല.

5 60 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും വാർഷിക വരുമാനം 1,00,000/- രൂപയിൽ (ഒരു ലക്ഷം രൂപ മാത്രം) കവിയാത്തവരും ആയ സാഹിത്യകാരർക്കും കലാകാരർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

കുറിപ്പ്.

(എ) പ്രായപൂർത്തിയായ മക്കളുടെ വരുമാനവും കുടുംബ പെൻഷനും ഒഴികെ കുടുംബത്തിലെ മറ്റെല്ലാ അംഗങ്ങളുടെയും ചേർത്തുള്ള യഥാർത്ഥ വരുമാനമായിരിക്കും പ്രതിമാസ കുടുംബ വരുമാനമായി കണക്കാക്കുന്നത്.

(ബി) കുടുംബ വരുമാനം കണക്കാക്കുന്നതിന് സർക്കാരിൽ നിന്നും (കേന്ദ്ര സർക്കാർ ഉൾപ്പെടെ) ലഭിക്കുന്ന എല്ലാ ഇനം പെൻഷനും കണക്കിലെടുക്കേണ്ടതാണ്. എന്നാൽ സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ, വരുമാനം കണക്കാക്കുന്നതിന് ഉൾപ്പെടുത്തുന്നതല്ല.

(സി) സർവ്വീസ് പെൻഷന് അതാത് കാലങ്ങളിൽ അനുവദിക്കുന്ന ഡി.എ. വരുമാനമായി കണക്കാക്കുന്നതല്ല.

6 വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, ജനനത്തീയതി തെളിയിക്കുന്നതിന് ആധാർകാർഡിന്റെ പകർപ്പ് / എസ്.എസ്. എൽ. സി ബുക്കിന്റെ പകർപ്പ് / സ്കൂൾ അഡ്മിഷൻ, എക്സ്ട്രാക്ടിന്റെ പകർപ്പ് തുടങ്ങിയവ സ്വയം സാക്ഷ്യപ്പെടുത്തിയത് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7 കേന്ദ്ര - സംസ്ഥാന പദ്ധതി പ്രകാരം ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന സാഹിത്യകാരർക്കും കലാകാരർക്കും സംസ്ഥാന പദ്ധതി പ്രകാരമുള്ള കലാകാര പെൻഷന് അർഹതയുണ്ടാരിക്കുന്നതല്ല.

8 അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമി മുഖേന സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതും ഡയറക്ടറുടെ ശുപാർശയോടുകൂടി സർക്കാരിലേക്കയക്കേണ്ടതുമാണ്.

9 മുഖ്യമന്ത്രി, സാംസ്കാരിക കാര്യ വകുപ്പ് മന്ത്രി, സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ എന്നിവരടങ്ങിയ ഒരു ഉന്നതാധികാര സമിതി കലാകാര പെൻഷന്റെ നിരക്കും കാലാവധിയും നിശ്ചയിക്കുന്നതാണ്.

10 കലാകാര പെൻഷൻ പദ്ധതിയെ സംബന്ധിച്ച് ഉന്നതാധികാര സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതാണ്.

11 അനുവദിക്കപ്പെടുന്ന കലാകാര പെൻഷൻ മാസംതോറും നിശ്ചിത നിരക്കിൽ ഒരു നിശ്ചിത കാലയളവിലേക്ക് നൽകപ്പെടുന്നതാണ്.

12 തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കലാകാര പെൻഷൻ അനുവദിക്കപ്പെട്ടു എന്നോ കലാകാര പെൻഷൻ അനുവദിക്കപ്പെട്ടയാളിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിരുന്നുവെന്നോ അല്ലെങ്കിൽ മെച്ചപ്പെട്ടുവെന്നോ ബോധ്യമായാൽ അനുവദിച്ച കലാകാരപെൻഷൻ നിർത്തലാക്കുന്നതും നൽകിയ തുക തിരിച്ച് ഈടാക്കുന്നതുമാണ്.

13 കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു കലാകാരന് / കലാകാരിക്ക് തുടർന്നും പെൻഷൻ ലഭിക്കുന്നതിന് വേണ്ടി വീണ്ടും അപേക്ഷിക്കേണ്ടതില്ല.

14 കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ കലാകാര പെൻഷൻ തുടർന്ന് ലഭിക്കുന്നതിന് അഞ്ച് വർഷത്തിലൊരിക്കൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ മുമ്പാകെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

15 കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ ഇന്ത്യക്കകത്ത് എവിടെ താമസിക്കുകയാണെങ്കിലും പെൻഷൻ തുക അവർക്ക് മണി ഓർഡറായി അയച്ചുകൊടുക്കുന്നതാണ്.

16 അനുവദിച്ച കലാകാരപെൻഷൻ തുക മുഴുവൻ വാങ്ങിക്കുന്നതിന് മുൻപ് കലാകാരൻ / കലാകാരി മരണ പ്പെടുകയാണെങ്കിൽ തുടർ പെൻഷൻ നിയമാനുസരണം അനന്തരാവകാശിക്ക് (ജീവിതപങ്കാളി) മരണപ്പെട്ട മാസം ഉൾപ്പെടെ അതുവരെയുള്ള പെൻഷൻ തുക ലഭിക്കുന്നതാണ്.

17 കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ആൾ മരിച്ചുപോയാൽ കുടിശ്ശിക പെൻഷൻ അനന്തരാവകാശികൾക്ക് യുക്തമായ അന്വേഷണത്തിന് ശേഷം സാംസ്കാരികവകുപ്പ് ഡയറക്ടർ അനുവദിച്ചുകൊടുക്കുന്നതാണ്.

18 കലാകാര പെൻഷൻ ലഭിക്കുന്ന കലാകാരരുടെ ഒപ്പ് ഒരിക്കൽ മാത്രം (ആദ്യം പെൻഷൻ വാങ്ങുമ്പോൾ) സാക്ഷ്യപ്പെടുത്തിയാൽ മതിയാകുന്നതാണ്.

19 വർഷത്തിലൊരിക്കൽ തങ്ങൾ ജീവിച്ചിരിക്കുന്നു എന്നുള്ളതിന് ഒരു ഗസറ്റഡ് ആഫീസറുടെ ലൈഫ് സർട്ടിഫിക്കറ്റ് കലാകാര പെൻഷൻ വാങ്ങുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

15/09/2023

KARIVELLUR MURALI
SECRETARY
Kerala Sangeetha Nataka Akademi
THRISSUR - 20

# അപേക്ഷാഫോറം

## കേരള സംസ്ഥാന കലാകാരപെൻഷൻ

| | | |
|---|---|---|
| 1 | പേരും മേൽവിലാസവും | : |
| 2 | ജനനതീയതിയും വയസ്സും | : |
| 3 | പ്രതിമാസ വരുമാനം | : |
| 4 | തന്റെ സംരക്ഷണയിൽ കഴിയുന്ന മറ്റു കുടുംബാംഗങ്ങളുടെ പൂർണ്ണ വിവരം | : |
| 5 | വൈദഗ്ദ്ധ്യം നേടിയിട്ടുള്ള സാഹിത്യ രംഗം / കലാരംഗം | |
| 6 | പ്രസ്തുത രംഗത്തെ പ്രവർത്തനങ്ങളെ കുറിച്ചുള്ള ലഘു വിവരണം | : |
| 7 | കലാ പ്രവർത്തനത്തിൽ ലഭിച്ചിട്ടുള്ള അവാർഡുകൾ/ പ്രശംസാ പത്രങ്ങൾ / പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ തുടങ്ങിയവയുടെ പൂർണ്ണ വിവരം | : |
| 8 | മറ്റേതെങ്കിലും തരത്തിൽ ധനസഹായം കിട്ടുന്നുവെങ്കിൽ അതിന്റെ വിവരം, ധനസഹായം കിട്ടുന്നുവെങ്കിൽ എന്ന് മുതൽ എത്ര രൂപ നിരക്കിൽ (വാർദ്ധ്യക പെൻഷൻ / കർഷക പെൻഷൻ/ കർഷക തൊഴിലാളി പെൻഷൻ / വിധവാ പെൻഷൻ / വികലാംഗ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ / സർവ്വീസ് പെൻഷൻ/ കേന്ദ്ര പെൻഷൻ / ഇതര സാമൂഹിക സുരക്ഷാ പെൻഷനുകൾ / മറ്റുള്ളവ) | : |
| 9 | മറ്റു വിവരങ്ങൾ | : |

---

ഈ അപേക്ഷയിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഒപ്പ് :

സ്ഥലം :

തീയതി :